Deivarajyam June 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/6/2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

വാല്യം 53
ജൂൺ 2014
ലക്കം 6



# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII | No. 6 | June 2014


## യുവജനദിനം 2014

### ജൂലൈ 6, ഞായർ

### കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്**
**(മത്താ 5:3)**

കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ,

യുവജനങ്ങളെ ഏറെ സ്നേഹിച്ച, ആധുനികയുഗത്തിലെ തിരുസ്സഭയുടെ രണ്ട് അമൂല്യനിധികളാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ലോകയുവജനദിനാഘോഷങ്ങളുടെ സ്വർഗീയ മധ്യസ്ഥനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 2014 ഏപ്രിൽ മാസം 27-ാം തീയതി വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു. യുവജനങ്ങളെക്കുറിച്ചുള്ള സഭയുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടുകൾക്ക് സുപ്രധാനമായ മാറ്റങ്ങൾ കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന് ആരംഭം കുറിച്ച ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും ഇതേ ദിവസം തന്നെയാണ് വിശുദ്ധരുടെ ഗണത്തിലേക്ക് ചേർക്കപ്പെട്ടത്. ഇരുപതാംനൂറ്റാണ്ടിന്റെ ചരിത്രത്തിൽ തിരുസഭയുടെ നിർണായകമായ സാന്നിദ്ധ്യമായി മാറിയ രണ്ട് പുണ്യ ജന്മങ്ങളാണ് വിശുദ്ധരായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ഒരു ലോക യുവജനദിനം കൂടി കടന്നുവരുമ്പോൾ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള യുവതലമുറയെ ഈ രണ്ട് വിശുദ്ധരുടെയും മധ്യസ്ഥതയിൽ സമർപ്പിക്കാം.



### 29-ാം ലോകയുവജനദിനം

യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഘോഷമാണ് ലോകയുവജനദിന സമ്മേളനങ്ങൾ. ലോകമെമ്പാടുമുള്ള യുവജന ങ്ങളെ ദൈവം സ്നേഹിക്കുന്നതിന്റെയും തിരുസ്സഭ അവരെ അംഗീകരിക്കുന്നതിന്റെയും അടയാളമാണ് യുവജനസമ്മേളനങ്ങൾ. ഇരുപത്തിയെട്ടാം ലോകയുവജനദിനാഘോഷങ്ങൾ നടന്നത് രണ്ടായിരത്തി പതിമൂന്നിൽ ബ്രസീലിലെ റിയോ ഡെ ജനൈറോ (Rio de Jeneiro) യിൽ വച്ചായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും അവിടെ സമ്മേളിച്ച യുവജനങ്ങളുടെ വിശ്വാസ തീക്ഷ്ണത സഭയ്ക്കും സമൂഹത്തിനും പുതിയ പ്രതീക്ഷകൾ നല്കുന്നുണ്ട്. അടുത്ത യുവജ നസംഗമത്തിന് വേദി ഒരുങ്ങുന്നത് പോളണ്ടിലാണ്. രണ്ടായിരത്തി പതിനാറിൽ പോളണ്ടിലെ ക്രാക്കോവിൽ നടക്കുന്ന ലോകയുവജന വിശ്വാസസംഗമം തിരുസ്സഭയുടെ ചരിത്രത്തിലെ മറ്റൊരു നാഴിക കല്ലായിരിക്കും.

ഈ വർഷം ആഘോഷിക്കുന്ന ഇരുപത്തിയൊൻപതാം ലോക യുവജനദിനം പ്രാദേശിക തലങ്ങളിലാണ് ആഘോഷിക്കപ്പെടുന്നത്. ഈ വർഷത്തെ ലോകയുവജനദിന സന്ദേശത്തിൽ തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പാ പങ്കുവയ്ക്കുന്ന തിരുവചനഭാഗം, വിശുദ്ധ മത്തായി എഴുതിയ സുവിശേഷം അഞ്ചാം അധ്യായം മൂന്നാം വാക്യമാണ്. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്". സുവിശേഷസൗഭാഗ്യങ്ങളുടെ പരിവർത്തനശക്തിക്ക്, യുവജനങ്ങളിലൂടെ എപ്രകാരം സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിലൂടെ വ്യക്തമാക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ പ്രഥമ യുവജനദിനസന്ദേശമാണ് ഇരുപത്തി ഒൻപതാം ലോകയുവജനദിന സമ്മാനമായി തിരുസ്സഭ നല്കുന്നത്.

### ദൈവരാജ്യം യുവജനങ്ങളുടെ സമ്പത്ത്

ആത്മാവിൽ ദരിദ്രരായി മാറിയ തന്റെ ശിഷ്യർക്ക് ദൈവം കൊടുക്കുന്ന സമ്മാനമാണ് സ്വർഗരാജ്യമെന്ന് യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ പ്രഥമവാക്യം പഠിപ്പിക്കുന്നു. പൂർണതയും സ്വർഗരാജ്യവും ആർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നുവെന്നും അതിന്റെ വ്യവസ്ഥ എന്താണെന്നും ഈ സുവിശേഷ ഭാഗത്ത് ദർശിക്കാനാവും. ഇപ്രകാരം ശിഷ്യർ നേടിയെടുക്കുന്ന സമ്മാനം യേശുനാഥനെ പിൻതുടരുന്ന വ്യക്തികളുടെ സൗഭാഗ്യമാണ്. അങ്ങനെയെങ്കിൽ സ്വർഗരാജ്യമെന്ന വലിയ സമ്പത്തിന്റെ ഉടമയായ, ആത്മവിൽ ദരിദ്രരായ ഭാഗ്യവാന്മാരും ഭാഗ്യവതികളും, 'സമ്പന്നരായ' യുവജനങ്ങളാണ്.

യുവത്വത്തിന്റെ ശക്തിയും ഓജസ്സും ജീവിതമൂല്യങ്ങളും ഭാവിയെക്കുറിച്ച് സ്വപ്നം കാണാനുള്ള വിശാലമായ മനസ്സും നല്കിയേക്കാവുന്ന സുരക്ഷയുടെ കവചങ്ങളിൽ നിന്നും അഹന്തയുടെ

കൂടാരങ്ങളിൽ നിന്നും പുറത്തുവന്ന്, ദരിദ്രഭാവം ഉൾക്കൊണ്ടുകൊണ്ട്, വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ശബ്ദമായി മാറിയ യുവാവായ യേശുനാഥന്റെ കർമ്മപഥങ്ങളിലേക്കിറങ്ങി വരാനുള്ള ദൈവവിളിയാണ്, തന്റെ പ്രഥമ യുവജനദിനസന്ദേശത്തിലൂടെ മാർപാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നത്. രണ്ടായിരത്തി പതിമൂന്നിലെ ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യമായിരുന്ന "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന തിരുവചനവും ആത്മാവിൽ ദരിദ്രരാകാൻ ആഹ്വാനം ചെയ്യുന്ന പ്രഥമ സുവിശേഷഭാഗ്യവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ദൈവിക സന്ദേശങ്ങളാണ്.

**സുവിശേഷത്തിന്റെ സന്തോഷം**

ദൈവരാജ്യം പ്രസംഗിക്കാനും ശിഷ്യപ്പെടുത്താനുമുള്ള ദൗത്യനിർവഹണത്തിന് ആവശ്യമായ ഒരു പ്രധാനപ്പെട്ട നിബന്ധനയാണ് ആത്മാവിൽ ദരിദ്രരായി മാറുകയെന്നത്. ഈ പരിവർത്തനത്തിന്റെ ഫലമായ സൗഭാഗ്യമാണ്, യുവശിഷ്യന്റെ സന്തോഷം. യുവജനങ്ങൾ ഏർപ്പെടുന്ന എല്ലാ സുവിശേഷ പ്രവർത്തനങ്ങളുടെയും വിജയവും വളർച്ചയും അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത് അവർ സ്വന്തമാക്കുന്ന ഈ സന്തോഷത്തിലാണ്. ഫ്രാൻസിസ് മാർപാപ്പാ തന്റെ പ്രഥമ അപ്പസ്തോലിക പ്രബോധനമായ "സുവിശേഷത്തിന്റെ സന്തോഷ" *(Evangelii Gaudium)* ത്തിൽ പങ്കുവയ്ക്കുന്നത് ഈ സന്തോഷത്തിന്റെ അനന്തസാധ്യതകളാണ്. ആ രേഖ യുവജനങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് തങ്ങളുടെ ദൗത്യനിർവഹണം കാര്യക്ഷമമാക്കാൻ സഹായിക്കും.

ആത്മാവിൽ ദരിദ്രരായി നേടിയെടുക്കുന്ന അദൃശ്യമായ സമ്പത്തിന്റെ ദൃശ്യമായ അടയാളങ്ങളായി മാറുന്ന സുവിശേഷത്തിന്റെ സന്തോഷത്തിന്റെ പ്രഘോഷകരാകാനാണ്, ദൈവം ഓരോ നിമിഷവും താൻ ഏറ്റവും സ്നേഹിക്കുന്ന യുവജനങ്ങളെ വിളിക്കുന്നത്. ഈ ദൗത്യത്തിൽ പങ്കുകാരാകുന്ന യുവജനങ്ങളോട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, ദാരിദ്ര്യത്തെയും ദരിദ്രനെയും സംബന്ധിക്കുന്ന മൂന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. (1) ദരിദ്രരെ സ്നേഹിക്കാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽനിന്നും പഠിക്കുക.

**പ്രതീക്ഷ നല്കുന്ന യുവജനം... കരുതലോടെ മുന്നേറാം...**

കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ സഭയ്ക്കും സമൂഹത്തിനും നല്കുന്ന നിസ്വാർത്ഥസേവനത്തെ ഈ ദിനം അഭിമാനത്തോടെ അനുസ്മരിക്കാം. സമൂഹത്തിന്റെ വളർച്ചയ്ക്കും തിരുസഭയുടെ ദൈവരാജ്യപ്രഘോഷണമേഖലകളിലും അനേകം യുവജനങ്ങൾ തങ്ങളുടെ സമ്പത്തായ സമയവും ആരോഗ്യവും പണവും വ്യയം ചെയ്യുന്നുണ്ട്. തിരുസഭയെയും വിശ്വാസസത്യങ്ങളെയും തകർക്കാൻ വെമ്പൽകൊള്ളുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമെതിരെ പടവാളെടുക്കേണ്ടത് വിശ്വാസത്തിന്റെ



കാവൽക്കാരായ യുവജനങ്ങളാണ്. സമാധാനവും നീതിയും സമത്വവും സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്ന ചാലക ശക്തികളായി ഓരോ യുവാവും യുവതിയും മാറണം. രാജ്യത്തിന്റെ അഖണ്ഡതയും സുരക്ഷയും തകർക്കുന്ന എല്ലാ വിധ്വംസക പ്രവർത്തനങ്ങളെയും എതിർക്കുന്ന രാജ്യസ്നേഹികളാവണം ഈ നാടിന്റെ യുവശബ്ദം.

തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ തിരുസഭയുടെ ശബ്ദമായി സമൂഹത്തിൽ എന്നും കർമ്മനിരതരാകേണ്ടത് ക്രൈസ്തവ യുവജനതയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരെയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുമുള്ള പോരാട്ടത്തിലും യുവജനങ്ങളാണ് മുന്നിട്ടിറങ്ങേണ്ടത്. യുവജനങ്ങളെ തെറ്റായി സ്വാധീനിക്കുന്ന തിന്മയുടെ ശക്തികൾ എക്കാലത്തും സമൂഹത്തിന്റെ ശാപമാണ്. തെറ്റായ മൂല്യങ്ങളെ പ്രലോഭനാത്മകമായി അവതരിപ്പിക്കുന്ന മാധ്യമസംസ്കാരം യുവജനം തിരിച്ചറിയണം. മാധ്യമ വളർച്ചയിലൂടെ ലോകം നേടിക്കൊണ്ടിരിക്കുന്ന അറിവിന്റെ വിസ്ഫോടനത്തെ ഇവിടെ നാം തള്ളിക്കളയുന്നില്ല. രാഷ്ട്രീയ സാമൂഹിക തലങ്ങളിലെ തെറ്റായ കീഴ്വഴക്കങ്ങളും അധികാരകേന്ദ്രീകരണവും പണത്തിന്റെയും രാഷ്ട്രീയത്തിന്റെയും മറവിൽ വരുന്ന അക്രമവും ദാരിദ്ര്യവും അസമത്വവും മാറ്റിയെഴുതുവാൻ തക്ക ലക്ഷ്യബോധമുള്ളവരാകണം യുവജനങ്ങൾ.

നന്മയുടെ മൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിനും സംസ്കാരത്തെ വളർത്തുന്നതിനും ഉതകുന്ന വളക്കൂറുള്ള മണ്ണാണ് കലാലയങ്ങൾ. യുവജനങ്ങളിൽ ഏറിയ പങ്കും പഠനവുമായി ബന്ധപ്പെട്ട് കലാലയങ്ങളിൽ ആയിരിക്കുമ്പോൾ മൂല്യബോധമുള്ള ക്രൈസ്തവ യുവജനങ്ങളുടെ സാന്നിധ്യം ഓരോ കലാലയത്തെയും സമ്പന്ന മാക്കണം. ഒരു പുതിയ സംസ്കാരത്തിന്റെ പ്രവാചകരാകണം കാമ്പസിലെ ക്രൈസ്തവ യുവജനങ്ങൾ.

ആധുനിക ലോകത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും അവയെ അതിജീവിക്കാനുള്ള കർമപദ്ധതികൾ തയ്യാറാക്കാനുമായി തിരുസഭ ഈ കാലയളവിൽ ഒരു സാധാരണ സിനഡും ഒരസാധാരണ സിനഡും വിളിച്ചുകൂട്ടുകയാണ്. ഈ അവസരത്തിൽ "ക്രൈസ്തവയുവജനതയും കുടുംബഭദ്രതയും" എന്ന പഠനവിഷയം യുവജനങ്ങൾക്കായി കെസിബിസി യൂത്ത് കമ്മീഷൻ സമർപ്പിക്കുന്നു. 'കുടുംബമേ നീ എന്താണോ അതായിത്തീരുക' എന്ന് കുടുംബങ്ങളുടെ മാർപാപ്പയായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ നമ്മെ ഓർമ്മിപ്പിക്കുന്നു. തകർച്ചയിലേക്ക് നീങ്ങുന്ന കുടുംബങ്ങളെയും സമൂഹത്തെയും സുസ്ഥിരപ്പെടുത്താൻ യുവജനങ്ങൾ തയ്യാറാകണം. അത് സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്.

കുടുംബങ്ങളെക്കുറിച്ച് ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ഒരു

കാഴ്ചപ്പാടുണ്ടാകണം. വിവാഹജീവിതത്തെയും കുടുംബഭദ്രതയെയും ബാധിക്കുന്ന ആധുനിക വെല്ലുവിളികളെ അതിജീവിക്കുവാൻ യുവജനങ്ങൾ തങ്ങളെത്തന്നെ സജ്ജരാക്കേണ്ടതുണ്ട്. വിവാഹ മോചനവും വർധിച്ചു വരുന്ന മദ്യസംസ്കാരവും മയക്കുമരുന്നുപയോഗവും മാധ്യമങ്ങളുടെ ക്രമാതീതമായ കടന്നുകയറ്റവും ഏറെ കരുതലോടെ നേരിടേണ്ട വെല്ലുവിളികളാണ്. നാഗരിക സംസ്കാരവും പ്രൊഫഷണലിസവും വർധിച്ചു വരുമ്പോൾ പരസ്പരബന്ധവും വിട്ടുവീഴ്ചകളും കൂടുതൽ ശ്രദ്ധിക്കേണ്ട തായിട്ടുണ്ട്. അതുപോലെ തന്നെ കുടുംബജീവിതത്തിൽ വളരെ പ്രധാന പ്പെട്ടതാണ് ദൈവവിശ്വാ സവും പ്രാർത്ഥനാചൈതന്യവും. കൂടുതൽ കുഞ്ഞുങ്ങളും. ജീവന്റെ സംരക്ഷണവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവം ആഗ്രഹിക്കുന്ന ഈ നന്മകളിലൂടെ ഒരു നവീന സംസ്കാരത്തെ കെട്ടിപ്പടുക്കുവാനുള്ള കടമ ഓരോ യുവാവിനും യുവതി ക്കുമുണ്ട്.

**ഉപസംഹാരം**

കഴിഞ്ഞ കാലഘട്ടങ്ങളിൽ മാതൃരാജ്യത്തിന്റെ വളർച്ചയ്ക്കും ദൈവരാജ്യപ്രഘോഷണത്തിനും കേരളത്തിലെ കത്തോലിക്കാ യുവ ജനങ്ങൾ ചെയ്തിട്ടുള്ള എല്ലാ മുന്നേറ്റങ്ങളെയും കേരളസമൂഹവും കേരള കത്തോലിക്കാ മെത്രാൻ സമിതിയും നന്ദിയോടുകൂടി സ്മരിച്ചുകൊണ്ട് തങ്ങളുടെ ക്രൈസ്തവസാന്നിധ്യം കൂടുതൽ വിശ്വസ്തതയോടെ തുടർന്നു കൊണ്ടുപോകുവാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. യുവജന ങ്ങൾക്കുവേണ്ടി യുവജനങ്ങളോടൊപ്പം പ്രവർത്തിക്കുന്ന എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും അതിരൂപത, രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സേവനം ചെയ്യുന്ന ഡയറക്ടറച്ചന്മാരെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സി നെയും, യുവജനനേതാക്കന്മാരെയും നന്ദിയോടുകൂടി ഓർക്കുകയും അവരുടെ നിസ്വാർത്ഥസേവനങ്ങൾക്ക് ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. ആധ്യാത്മികതയിലും ബൗദ്ധിക വളർച്ചയിലും സാമൂഹിക സാംസ്കാരിക മുന്നേറ്റങ്ങളിലും നിലംതികഞ്ഞ മാതൃകായുവജനങ്ങളെ ഇന്ന് ലോകത്തിനാവശ്യമുണ്ട്. എല്ലാറ്റിന്റെയും സ്രഷ്ടാവും അധിപ നുമായിരിക്കെ ദരിദ്രനായി ജനിച്ച് വേദനിക്കുന്നവന്റെ രക്ഷയായും പ്രതീകമായും സ്വർഗീയപിതാവിന്റെ ഇഷ്ടത്തിനായി സ്വജീവിതം ബലി നല്കിയ യുവാവായ യേശുനാഥന്റെ മാതൃക പിൻചെല്ലാൻ, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതമാതൃകയെ അനുസ്മരിച്ചുകൊണ്ട്, പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. യുവജന ങ്ങളിലുണ്ടാകേണ്ട ഒരു പരിവർത്തനത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ശിഷ്യത്വം ആവശ്യപ്പെടുന്ന ഈ ത്യാഗം, ആധുനിക യുഗത്തിന്റെ എല്ലാ തിന്മകളിൽ നിന്നും അകന്നു നിന്നുകൊണ്ട്, പാവപ്പെട്ടവനോടും തിരസ്ക



രിക്കപ്പെട്ടവനോടും അടിച്ചമർത്തപ്പെട്ടവനോടും പക്ഷം ചേരുന്ന യുവാവായ യേശുനാഥന്റെ ജീവനിൽ പങ്കുചേരാനുള്ള ക്ഷണമാണ്.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ
**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ
**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**N.B.** 2014 ജൂലൈ 6-ാം തീയതി കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപ നങ്ങളിലും ദിവ്യബലി മധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/14.05.2014/Ref: 2802/K 35/OL/KCBC/DS

# 2014 ജൂൺ 15 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ജൂൺ 15 ഞായറാഴ്ച കേരള സഭ 'ബൈബിൾ ഞായറായി' ആഘോ ഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ഇന്ന് നാം ബൈബിൾവാരം ആരം ഭിക്കുന്നു.

നവസുവിശേഷവത്കരണം സംബന്ധിച്ച മെത്രാന്മാരുടെ 13-ാമത് ഓർഡിനറി സിനഡിന്റെ ഉൾക്കാഴ്ചകൾ സമാഹരിച്ച് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച "സുവിശേഷത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലികാ ഹ്വാനം നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരി ക്കുന്നു" എന്ന സന്ദേശമാണ് ദൈവദൂതൻ 'സന്തോഷത്തിന്റെ സദ്വാർത്ത' എന്നു വിശേഷിപ്പിച്ചത് (ലൂക്കാ 2:10-11). അതെ, യേശുക്രിസ്തു മനുഷ്യ രുടെ രക്ഷകനാണ് എന്നതാണ് സുവിശേഷം. "സുവിശേഷത്തിന്റെ സന്തോഷം" എന്ന രേഖയിൽ മാർപാപ്പാ ആ സന്തോഷത്തിന്റെ കൈമാറൽ തന്നെയായ സുവിശേഷവത്കരണത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത്.

പ്രേഷിതദൗത്യത്തിന് അനിവാര്യമായ സഭാനവീകരണത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ട് രേഖ ആരംഭിക്കുന്നു. സുവിശേഷവത്കരണ യത്നങ്ങൾ

അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ രണ്ടാമത്തെ അധ്യായത്തിൽ വിശകലനം ചെയ്തതിനുശേഷം, മൂന്നാമത്തെ അധ്യായത്തിൽ പ്രഘോഷണത്തെക്കുറിച്ച് ആഴമേറിയ ചിന്തകൾ പാപ്പാ പങ്കുവയ്ക്കുന്നു. സുവിശേഷവത്കരണത്തിന്റെ സാമൂഹികമാനം ചർച്ച ചെയ്യാൻ നാലാം അധ്യായം മുഴുവൻ നീക്കിവയ്ക്കുന്ന പാപ്പാ സുവിശേഷപ്രവർത്തകരുടെ പ്രചോദകശക്തിയെക്കുറിച്ചു പരാമർശിച്ചുകൊണ്ട് അപ്പസ്തോലികാഹ്വാനം അവസാനിപ്പിക്കുന്നു.

സുവിശേഷവത്കരണത്തിൽ വിശുദ്ധഗ്രന്ഥത്തിനുള്ള സ്ഥാനത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പാ നടത്തുന്ന പരാമർശങ്ങളെ അധികരിച്ച് ഏതാനും വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാനാണ് ഈ വർഷത്തെ ബൈബിൾ വാരത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആഗ്രഹിക്കുന്നത്.

**ബൈബിൾ – സുവിശേഷവത്കരണത്തിന്റെ ഉറവിടം**

“വിശുദ്ധലിഖിതങ്ങളാണ് സുവിശേഷവത്കരണത്തിന്റെ യഥാർത്ഥ ഉറവിടം” എന്ന് അപ്പസ്തോലികാഹ്വാനത്തിന്റെ 174-ാം ഖണ്ഡികയിൽ പാപ്പാ കുറിച്ചിരിക്കുന്നു. സുവിശേഷവത്കരണത്തിന് ഇന്ന് ബൈബിൾ അനിവാര്യമാണ് എന്നാണ് ആ വരികൾ വ്യക്തമാക്കുന്നത്. സുവിശേഷങ്ങളിലൂടെ ക്രിസ്തുജീവിതവും, അപ്പസ്തോലപ്രവർത്തനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വെളിപാടു ഗ്രന്ഥത്തിലൂടെയും സഭാജീവിതവും വിരചിതമായത് സുവിശേഷവത്കരണം ലക്ഷ്യമിട്ടുകൊണ്ടാണ്. “ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അവനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്” (യോഹ 20:31) എന്ന് വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ. വിശുദ്ധ ലൂക്കായാകട്ടെ, തന്റെ രചനയുടെ ലക്ഷ്യമെന്തെന്ന് സുവിശേഷത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നു: “അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ച് നിനക്കു ബോധ്യം വരാനാണ്” (ലൂക്കാ 1:4). “ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം” എന്ന വാക്കുകളുമായാണ് വിശുദ്ധ മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്. യേശുക്രിസ്തുവിന്റെ വംശാവലി വിവരണത്തോടെ ആരംഭിക്കുന്ന വിശുദ്ധ മത്തായിയുടെ സുവിശേഷം, യഹൂദമതത്തിന്റെ തുടർച്ചയും പരിപൂർത്തിയുമാണ് ക്രിസ്തുമതം എന്നു സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. യഹൂദരുടെ സുവിശേഷവത്കരണത്തിൽ ഏർപ്പെട്ടിരുന്നവരാണല്ലോ വിശുദ്ധ മത്തായിയും അദ്ദേഹത്തിന്റെ ശിഷ്യസമൂഹവും.

രക്ഷകനും നാഥനുമായി ഏവരും യേശുക്രിസ്തുവിനെ അംഗീകരിക്കാൻ വേണ്ടിയും, വിശ്വസിച്ചവരെ ക്രിസ്തുവിശ്വാസത്തിൽ ആഴപ്പെടുത്താൻ വേണ്ടിയും എഴുതപ്പെട്ടതാണ് പുതിയനിയമം. മറ്റു വാക്കുകളിൽ പറഞ്ഞാൽ,



വിജാതീയരോടുള്ള പ്രഘോഷണവും വിശ്വാസികൾക്കുള്ള പരിശീലനവും ഉൾച്ചേരുന്ന സുവിശേഷവത്കരണ ലക്ഷ്യമാണ് ബൈബിളിനുള്ളത്.

**ബൈബിളും സുവിശേഷവത്കരണവും: ത്രിവിധ മാനങ്ങൾ**

‘ബൈബിൾ സുവിശേഷവത്കരണത്തിന്റെ ഉറവിടം’ എന്ന പ്രയോഗത്തിൽ മൂന്ന് ആശയങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമത്തേത്, സുവിശേഷവത്കരണത്തിന്റെ ഉള്ളടക്കം ബൈബിളിലെ ഉള്ളടക്കം തന്നെയാണ് എന്നതാണ് – അതായത്, യേശുക്രിസ്തുവിൽ ദൈവസ്നേഹം സമ്പൂർണമായി വെളിപ്പെട്ടിരിക്കുന്നു എന്ന സത്യം. അപ്പസ്തോലിക പ്രഘോഷണം പ്രാരംഭഘട്ടത്തിൽ ക്രിസ്താനുഭവത്തിൽ നിന്നു മാത്രം രൂപപ്പെട്ടതായിരുന്നെങ്കിൽ, ഇന്ന് അത് വിശുദ്ധഗ്രന്ഥാധിഷ്ഠിതമാണ്. രണ്ടാമത്തെ ആശയം, സുവിശേഷവത്കരണത്തിനുള്ള ക്ഷണം ബൈബിളിലൂടെ നമുക്കു ലഭിക്കുന്നു എന്നതാണ്. “നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ” എന്ന ക്രിസ്തു വിന്റെ കല്പന (മത്താ 28:19) വിശുദ്ധഗ്രന്ഥം നമുക്കു വച്ചുനീട്ടുന്നു. “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!” എന്ന പൗലോസിന്റെ വചനവും നമ്മെ സുവിശേഷവത്കരണബാധ്യത അനുസ്മരിപ്പിക്കുന്നതാണ് (1 കോറി 9:16). മൂന്നാമത്തെആശയം, വിശുദ്ധ ഗ്രന്ഥത്തോടുള്ള ആഭിമുഖ്യം നമ്മിൽ പ്രേഷിത തീക്ഷ്ണത ഉജ്ജ്വലിപ്പിക്കും എന്നതാണ്. സിറിയാക്കാർ തട്ടിക്കൊണ്ടുപോയ ഇസ്രായേൽ പെൺകുട്ടിയും (2രാജാ 5:3) വെള്ളം കോരാനെത്തിയ സമരിയാക്കാരി സ്ത്രീയും (യോഹ 4:39) സുഖപ്പെട്ട പിശാചുബാധിതനും (ലൂക്കാ 8:39) പെന്തക്കുസ്താനുഭവം സിദ്ധിച്ച ശിഷ്യരും (അപ്പ. 2:14-36; 3:6, 12-26; 4:8-12 etc.) നമ്മുടെ വായനാപഥത്തിലെത്തുമ്പോൾ തീർച്ചയായും അവരുടെ പ്രേഷിതതീക്ഷ്ണത നമ്മെ പ്രചോദിപ്പിക്കാതിരിക്കില്ല. യഹൂദ നേതാക്കളുടെ പീഡന ഭീഷണിയുയർന്നപ്പോൾ ആദിമ ക്രൈസ്തവസമൂഹം നടത്തിയ പ്രാർത്ഥന അപ്പസ്തോലപ്രവർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക: “കർത്താവേ, അവരുടെ ഭീഷണികളെ അവിടന്നു ശ്രദ്ധിക്കണമേ. അവിടത്തെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടത്തെ കൈകൾ നീട്ടണമേ. അവിടത്തെ വചനം പൂർണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ!” (അപ്പ 4:29-30).

യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും രക്ഷാകരപ്രവൃത്തിയും അപ്പസ്തോലന്മാരുടെ പ്രഘോഷണതീക്ഷ്ണതയും ആദിമസഭയുടെ സുവിശേഷപ്രഘോഷണ ചൈതന്യവും സുവിശേഷത്തിനുവേണ്ടി അവർ ഏറ്റെടുത്ത സഹനങ്ങളുമെല്ലാം വിശുദ്ധഗ്രന്ഥോപാസകനെ സുവിശേഷപ്രഘോഷകനും സാക്ഷിയുമായിത്തീരാൻ പ്രചോദിപ്പിക്കുകതന്നെ ചെയ്യും. ശിഷ്യ

നിൽ നിന്നു പ്രേഷിതനിലേക്കുള്ള ദൂരം ഒരു വിശുദ്ധഗ്രന്ഥപ്രചോദനദൂരം മാത്രമാണ്! ''ദൈവവചനവുമായുള്ള പരിചയം സുവിശേഷവത്കരണത്തിൽ അത്യന്താപേക്ഷിതമാണ്'' എന്ന് 175-ാം ഖണ്ഡികയിൽ പാപ്പാ നടത്തുന്ന ഒരു പ്രസ്താവന ഇവിടെ ഏറെ പ്രസക്തമാണ്. സുവിശേഷവത്കരണത്തിന്റെ നിരന്തര പ്രചോദനവും ചാലകശക്തിയുമായി ബൈബിൾ എന്നും നിലകൊള്ളുന്നു.

**കേരളസഭയുടെ ബൈബിൾ സ്നേഹവും പ്രേഷിതതീക്ഷ്ണതയും**

കേരളസഭ ഒരു പ്രേഷിതസഭയാണെന്ന് അഭിമാനപൂർവം പറയാൻ നമുക്കാകും. ലോകത്തിൽ നടക്കുന്ന സുവിശേഷവത്കരണശ്രമങ്ങളിൽ കൈരളിയുടെ കൈയൊപ്പ് തെളിഞ്ഞുകാണാവുന്നതാണ്. വിശുദ്ധഗ്രന്ഥ സ്നേഹത്തിൽ സഭാമക്കൾ വളരുന്നതുകൊണ്ടാണ് സുവിശേഷവത്കരണത്തിലും കേരളസഭ വളരുന്നത്. നമ്മുടെ ബൈബിൾ സ്നേഹം രൂപപ്പെടുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുള്ളത് കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുമാണെന്ന സത്യം സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. 1976-ൽ രൂപീകൃതമായ ബൈബിൾ കമ്മീഷൻ 1977-ൽ തന്നെ പുതിയനിയമത്തിന്റെ മലയാളം പരിഭാഷ പൂർത്തിയാക്കുകയും 1981-ൽ സമ്പൂർണ ബൈബിൾ തയ്യാറാക്കുകയും ചെയ്തു. 2012-ൽ പുതിയനിയമത്തിന്റെ പരിഷ്കരിച്ച പതിപ്പു പുറത്തിറക്കാനും ബൈബിൾ കമ്മീഷനു കഴിഞ്ഞു. ഇവയുടെ ലക്ഷക്കണക്കിനു കോപ്പികൾ സഭാമക്കളിലെത്തിക്കാൻ സഹകരിച്ച പി.ഒ.സി.യോട് ബൈബിൾ കമ്മീഷനു കൃതജ്ഞതയുണ്ട്. 2005-ൽ ജീസസ് യൂത്തിന്റെ സഹായത്തോടെ നാം ഇന്റർനെറ്റ് ബൈബിൾ തയ്യാറാക്കി. 2011-ൽ മൊബൈൽ ഫോൺ ബൈബിളും 2013-ൽ കംപ്യൂട്ടർ ബൈബിളും നിലവിൽ വന്നു.

**ജൂബിലി നിറവിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി**

1990-ൽ സഭാമക്കളുടെ മുഴുവൻ പങ്കാളിത്തസാധ്യത ഉറപ്പുവരുത്തിക്കൊണ്ട് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സ്ഥാപിതമാകുകയും ബൈബിൾ പ്രേഷിതരംഗത്ത് വിപ്ലവകരമായ ചുവടുവയ്പുകൾ നടത്തുകയും ചെയ്തു. ലോഗോസ് ക്വിസ് പോലെ അതുല്യമായ ബൈബിൾ പ്രേഷിതയത്നങ്ങൾ സംഘടിപ്പിക്കാൻ സൊസൈറ്റിക്കായി. കോളേജുകളിലും ജയിലുകളിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വിശുദ്ധഗ്രന്ഥം എത്തിക്കാൻ ബൈബിൾ സൊസൈറ്റി കഴിവുപോലെ ശ്രമിച്ചിട്ടുണ്ട്. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ഏറ്റവും പുതിയ സർഗാത്മക സംഭാവന ഓഡിയോ ബൈബിൾ ആണ്. സമ്പൂർണ്ണ ബൈബിളിന്റെ ഉന്നതനിലവാരമുള്ള ശ്രവ്യരൂപം ഇന്നു കേരളസഭയ്ക്കു സ്വന്തം. ഇക്കഴിഞ്ഞ കെ.സി. ബി.സി. സമ്മേളനത്തിൽ അതു പ്രകാശനം ചെയ്യാൻ നമുക്കു കഴിഞ്ഞു.



സമ്പൂർണ ബൈബിൾ ശ്രവ്യരൂപത്തിൽ തയ്യാറാക്കാനായി അധ്വാനിച്ചതും നൂറുകണക്കിനു പ്രൊഫഷണലുകളെ ഏകോപിപ്പിച്ചതും ഒരു അല്മായ സഹോദരനും ഒരു കപ്പൂച്ചിൻ സന്ന്യാസവൈദികനും ചേർന്നാണെന്ന യാഥാർത്ഥ്യം കൃതാർത്ഥതയോടെ ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. എല്ലാ സങ്കീർത്തനങ്ങൾക്കും സംഗീതാവിഷ്കാരം നല്കാൻ നമുക്കായി എന്നത് ഏറെ ചാരിതാർത്ഥ്യം നല്കുന്നു. സങ്കീർത്തനം പാടി ദൈവത്തെ സ്തുതിക്കുന്ന ഒരു സഭാസമൂഹത്തെ സ്വപ്നം കണ്ടുകൊണ്ടാണ് അതു നാം തയ്യാറാക്കിയിരിക്കുന്നത്. അന്ധർക്കുവേണ്ടിയുള്ള ബ്രെയ്‌ലി ബൈബിളും ഡയ്സി മൊബൈൽ ബൈബിളും നമ്മുടെ പദ്ധതിയിലുണ്ട്. ബൈബിൾ സംബന്ധിയായ ഈടുറ്റ ഗ്രന്ഥങ്ങളും ഇതിനോടകം പുറത്തിറക്കാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്കു കഴിഞ്ഞിട്ടുണ്ട്.

2015 കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലിവർഷമാണ്. ദൈവത്തിനു നന്ദിപറയാനുള്ള കാലം; സൊസൈറ്റിയുടെ അംഗത്വവും പ്രവർത്തനങ്ങളും വിപുലീകരിക്കാനുള്ള കാലം. 2014 നവംബർ 30-ാം തീയതി പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ജൂബിലിവർഷം ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്. ബൃഹത്തായ പല ബൈബിൾ സംരംഭങ്ങളും ജൂബിലിവർഷത്തിൽ ബൈബിൾ സൊസൈറ്റി ഏറ്റെടുക്കും. 25-ാം വാർഷികത്തോടെ 25,000 പേർ സൊസൈറ്റിയിൽ അംഗങ്ങളാകണം എന്നതാണു നമ്മുടെ സ്വപ്നം. എല്ലാ ഇടവകകളും കത്തോലിക്കാസ്ഥാപനങ്ങളും വിശ്വാസികളും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗത്വം എടുക്കണമെന്ന് ഞങ്ങൾ സ്നേഹബുദ്ധ്യ ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ എല്ലാ ഇടവക വികാരിയച്ചന്മാരും പ്രത്യേകം താത്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊമോട്ടർമാരാകാൻ തയ്യാറുള്ളവർക്ക് പി.ഒ.സി.യിലെ ബൈബിൾ സൊസൈറ്റി ഓഫീസിനെ സമീപിക്കാവുന്നതാണ്.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സും ജൂബിലി പ്രായത്തിലാണ്. 1989-ൽ ആരംഭിച്ച ഈ തപാൽ ബൈബിൾ പഠനകോഴ്സിൽ 10,000-ത്തോളം പേർ പഠിതാക്കളായി ചേർന്നിട്ടുണ്ട്. അതിൽ 290 പേർ കോഴ്സു പൂർത്തിയാക്കി ഡിപ്ലോമ സർട്ടിഫിക്കറ്റു കരസ്ഥമാക്കിക്കഴിഞ്ഞു. ബൈബിൾ പഠനത്തിന് ഉചിതമായ എല്ലാ മാർഗങ്ങളും സ്വീകരിക്കാൻ ഏവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

കഴിഞ്ഞവർഷം മുതൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ താൽപര്യപ്രകാരം ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി നാം ആചരിക്കുകയാണ്. വചനം അക്ഷരം ധരിച്ച വിശുദ്ധലിഖിതം, എല്ലാ

ഡിസംബർ മാസവും വചനം മാംസം ധരിച്ചവന്റെ തീവ്രസ്മരണയിൽ പരസ്യമായും സുന്ദരമായും പാരായണം ചെയ്യണമെന്ന് എല്ലാ കത്തോലിക്കാ വിശ്വാസികളെയും വിശ്വാസീസമൂഹങ്ങളെയും ഞങ്ങൾ ഓർമിപ്പിക്കുന്നു. ജൂൺ 8-ാം തീയതി മുതൽ 14-ാം തീയതിവരെ ബൈബിൾ വാരമായും ജൂൺ 15-ാം തീയതി ബൈബിൾ ഞായറായും സഭ ആചരിക്കുകയാണ്. ഉചിതമാംവിധം ഇതാചരിക്കാൻ രൂപതകളും ഇടവകകളും കത്തോലിക്കാസ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബൈബിൾ ഉറവിടമാക്കിക്കൊണ്ടുള്ള സുവിശേഷവത്കരണത്തിൽ നമുക്ക് ആഴപ്പെടാം. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ചയിൽ നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

NB: 2014 ജൂൺ 8-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതക്കച്ചേരി

### *C. 40/2014* പരിശുദ്ധ മാതാവിന്റെ വിമലഹൃദയത്തിരുനാൾ

ജൂൺ 28-ാം തീയതി ശനിയാഴ്ച പരിശുദ്ധ മാതാവിന്റെ വിമലഹൃദയത്തിരുനാൾ ആണല്ലോ. പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ രൂപതയെ സംബന്ധിച്ച് ഈ ദിവസം സുപ്രധാനമാണല്ലോ. നമ്മുടെ എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും അവിടെയുള്ള വൈദികർ, സന്യസ്തർ, അല്മായർ എന്നിവരെയും പരിശുദ്ധ അമ്മയുടെ സംരക്ഷണയ്ക്ക് നമുക്ക് ഭരമേല്പിച്ച് പ്രാർത്ഥിക്കാം. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.



*Bishop*

### *C. 41/2014* വി. പത്രോസിന്റെ കാശു പിരിവ്

മുൻകൂട്ടി അറിയിച്ച് ജൂൺ 29-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. പത്രോസിന്റെ കാശുപിരിവ് നടത്തുകയും കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C. 42/2014* Young Priests' Seminar

Annual seminar for the young priests of the Eparchy ordained after 31-01-2008 will be conducted from **July 28 to 30** at **NESTT Muvattupuzha**. The seminar begins at 6.00 p.m. on Monday and comes to an end by 8.00 a.m.on Wednesday. All are expected to participate without fail.

*Syncellus*

### *C.43/2014* Annual Retreat for Priests

**FIRST BATCH**
Venue: SEHION
**22 June Sunday to 27 June Friday**

1. Chandrankunnel Mathew
2. Choorathotty James
3. Choorathotty Paul
4. Inchaplackal Paul
5. Kallarackal Joseph
6. Kallarackal Thomas
7. Karakombil James
8. Koikakudy Joseph
9. Kulathoor Jose
10. Mailackachalil Paul
11. Mundackal George
12. Mundackal Joseph (Jr)
13. Nandalath Francis
14. Nedumkallel George
15. Pallilkunnel Georgy
16. Parayidom Thomas
17. Pothanamuzhi Mathew
18. Pothoor Jose
19. Pulimalayil Antony
20. Pullan George
21. Thachil George
22. Thanathuparambil George
23. Thottathimyalil John
24. Vandanakkara George

## SECOND BATCH

Venue: SEHION

**6 July Sunday to 11 July Friday**

1 Anikottil John
2 Arackal James
3 Athickal Mathew
4 Chamakalayil Mathew
5 Chatholil John
6 Kalapurayil James
7 Kandathinkara Joseph
8 Kapiarumala Thomas
9 Karimadam George
10 Karikunnel Francis
11 Kochumundanmalayil Mathew
12 Kochumuttam John
13 Kochuparambil Joseph (Sr)
14 Kochuparambil Joseph (Jr)
15 Kodakallil Kuriakose
16 Koonanickal Jose
17 Kunnappillil Mathew
18 Kunnappilly Augustine
19 Mackolil Joseph
20 Malieckal Mathews
21 Mattappillil John
22 Mundackal John
23 Muringamattam John
24 Neerampuzha Jose
25 Nirappath George
26 Niravath Joseph
27 Ovelil Antony
28 Padijarekuttu Augustine
29 Padinjattuvayalil John
30 Periapuram Thomas
31 Peringarapillil Sotter
32 Pichalakattu Manuel
33 Pichappillil John
34 Poovathumkal Thomas
35 Pulloppillil Jose
36 Thekkekara Mathew(Sr)
37 Thozhalay Mathew
38 Vallomkunnel George
39 Vararappillil James
40 Vellaramkattil Xavier

## THIRD BATCH

Venue: SEHION

**3 August Sunday to 8 August Friday**

1 Adapoor Joseph
2 Aikaramattam James
3 Arackal Jose
4 Chettoor George
5 Kadambanat Sebastian
6 Kallarackal John
7 Kanimattathil Sebastain
8 Karakunnel George
9 Kodiammanal John
10 Monippilly Jose
11 Moolasseril Nicholas
12 Mundolickal James
13 Nellikunnel Joseph
14 Njaloor Joseph
15 Njaloor Cyriac
16 Pittappillil Francis
17 Pulickal Joseph
18 Pulparambil Jose
19 Punnamattathil Scaria



20 Thadikattu George
21 Thekkumkattil Mathew
22 Pulprayil Stanly
23 Namattathil Sebastian

## FOURTH BATCH

Venue: NESTT

**September 14 Sunday to September 19 Friday**

1 Alappatt Msgr. Francis
2 Areekatt Mathew
3 Ariappillil Emmanuel
4 Arolichalil Sebastian
5 Athickal Pius
6 Chemparathy George
7 Cheruparambil Thomas
8 Edassery Mathew
9 Edathotty Paul
10 Edattu Mathew
11 Elanjedath John
12 Kachiramattam Kuriakose
13 Kakanatt Mathew
14 Kakkuzhy James
15 Kalapurackal Jose
16 Kanjirakombil George
17 Kannamkulam Thomas
18 Kannadan Francis
19 Karakombil Paul
20 Keerampara Francis
21 Kizhakedathu Peter
22 Kizhakel Jose
23 Kodamullil Jose
24 Kodamullil Paul
25 KoikakudyJoseph Cherian
26 Koithanathu Joseph
27 Kottarathil Thomas
28 Kottoor Jose
29 Kunnamkulam Emmenuel
30 Kunnath Mathew
31 Kunnel Stanislaus
32 Kurianal Emmanual
33 Kurisummottil George
34 Kurukoor George
35 Kuzhinjalil Thomas
36 Mailackachalil Paul
37 Malekudy Thomas
38 Moorkattil Jose
39 Mulanjanany Joseph
40 Mundackal Mathew (Sr)
41 Mundackal Mathew (Jr)
42 Mundunadayil Joseph
43 Muttathuvalayil Joseph
44 Nandalath Mathews
45 Nedungatt Vincent
46 Niravathinal Abraham
47 Panachickal James
48 Panackal Thomas
49 Pannarakunnel Sebastian
50 Pazhayapeedikayil Johnson
51 Peechatt Emmanuel
52 Peechatt Jose
53 Pothanamuzhi Thomas
54 Pottackal George
55 Thalappillil Jacob
56 Thayyil James
57 Thekkekara Mathew (Jr)
58 Thevarpadam Mathews
59 Vadakekudy James
60 Vadakel George
61 Vattakatt Augustine
62 Vattakuzhy Emmanuel
63 Vattakuzhy Jose
64 Vattappallil Jacob
65 Vattathottathil Thomas
66 Velliamthadam Joseph

67 Vengooran Jose
68 Vettikuzha Thomas
69 Vilangupara Paul
70 Mandapathil Varkey
71 Thekkekara George

*C. 44/2014* **Appointment & Transfer list**

| | | |
|---|---|---|
| Keerampara | - | Fr. Francis Athickal |
| Ezhalloor | - | Fr. George Thachil |
| Vettampara | - | Fr. Joseph Valliyamthadathil CHF |
| Kaithappara | - | Fr. Binoj Chathanattu CMI |
| Koduveli | - | Fr. Jose Thachukunnel CMI |

*PC.3/2014* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**

2011-2014 വർഷങ്ങളിലേക്ക് രൂപീകരിക്കപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെ അവസാന സമ്മേളനം 2014 മെയ് 3-ാം തീയതി ശനിയാഴ്ച കോതമംഗലം ബിഷപ്സ് ഹൗസിൽ ചേർന്നു. എസ്.ഡി. പ്രൊവിൻഷ്യൽ റവ. സി. ഗ്ലാഡി എസ്.ഡി. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബഹു. മോൺ. ഫ്രാൻസിസ് ആലപ്പാട്ട് ഏവരെയും സ്വാഗതം ചെയ്തു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് പാസാക്കി. 2015 ജൂലൈ മാസത്തിൽ നടത്തുവാനിരിക്കുന്ന എപ്പാർക്കിയൽ അസംബ്ലിക്ക് ഒരുക്കമായിട്ടുള്ള സയന്റിഫിക് സർവേ സംബന്ധിച്ച ചർച്ചയാണ് തുടർന്ന് നടന്നത്. എപ്പാർക്കിയൽ അസംബ്ലി കോ-ഓർഡിനേഷൻ കമ്മിറ്റിയംഗം അഡ്വ. റൈജു വർഗീസ് ചർച്ച സംബന്ധിച്ച് ഒരാമുഖം നല്കി. ഇടവകയിലെ അജപാലന ശുശ്രൂഷ കാര്യക്ഷമമാക്കാൻ ബഹു അച്ചന്മാരും സിസ്റ്റേഴ്സും അല്മായ വിശ്വാസികളും എന്തു ചെയ്യണം? ഭക്തസംഘടനകളും സഭയിലെ സ്ഥാപനങ്ങളും വിശ്വാസവളർച്ചയ്ക്കും വിശ്വാസ കൈമാറ്റത്തിനും എപ്രകാരം ഉതകുന്നു? രൂപതയുടെ അജപാലനശൈലി എപ്രകാരമായിരിക്കണം? ഇപ്പോൾ കാണുന്ന നല്ല കാര്യങ്ങളും മാറേണ്ടതായ കാര്യങ്ങളും ഏവ? തിരുനാളുകളും മറ്റ് ആഘോഷങ്ങളും ക്രിസ്തീയതയ്ക്ക് മങ്ങലേൽപ്പിക്കുന്നുണ്ടോ? ആർഭാടങ്ങൾ ഒഴിവാക്കുന്നതു സംബന്ധിച്ച അഭിപ്രായം? പ്രായോഗികമായി എന്തു ചെയ്യുവാൻ കഴിയും? തുടങ്ങിയ കാര്യങ്ങളാണ് ചർച്ചയ്ക്ക് വിഷയമായത്. ആറു ഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തിയ ചർച്ചയിൽ ബഹു. അച്ചന്മാരും സിസ്റ്റേഴ്സും അല്മായ വിശ്വാസികളും സജീവമായി പങ്കുചേർന്നു. ഉച്ചഭക്ഷണത്തിനുശേഷം ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ



ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ പങ്കുവച്ചു. സർവേ നടത്തുന്നതിന് പ്രത്യേകം നിയുക്തനായ എപ്പാർക്കിയൽ അസംബ്ലി കോർഡിനേഷൻ കമ്മിറ്റി കൺവീനർ ബഹു. പോൾ പാറത്താഴം അച്ചൻ ചില വിശദീകരണങ്ങൾ നല്കി. തിരുനാളുകൾ നടത്തുമ്പോൾ മൊത്തം ചെലവിന്റെ 10% പാവപ്പെട്ടവർക്ക് കൊടുക്കണമെന്ന് അഭിവന്ദ്യ പിതാവ് സമാപനസന്ദേശത്തിൽ സൂചിപ്പിച്ചത് ഏവർക്കും സ്വീകാര്യമായി. പെ. ബഹു. മോൺ. ജോർജ് ഓലിയപ്പുറം ഏവർക്കും നന്ദി പറഞ്ഞു. ഉച്ചകഴിഞ്ഞ് 3.00 മണിയോടെ യോഗം സമാപിച്ചു.

*Secretary*

*Pr. C.3/2014* **Report of the Presbyteral Council held on Tuesday, April 29, 2014**

An ordinary meeting of the Presbyteral Council was held on Tuesday 29 April 2014. H.E. Mar George Madathikandathil presided over the meeting. Thirty one members participated. The meeting started at 10.00 am with prayer. Protosyncellus V. Rev. Mgr. Francis Alappatt welcomed the participants. The report of the previous meeting was read out and it was passed.

First topic on the agenda was periodical assessment of parish accounts and assessing the accounts presented by various institutions of the diocese. All the members were of the opinion that there should be a system of assessing the accounts of the parishes and institutions periodically. The directions already given in this regard are to be strictly observed. By all means parish accounts are to be joint accounts. Bills and vouchers are to be preserved so that the accounts may be verified properly. The suggestion to audit the accounts of all parishes and institutions was also acceptable to all members.

Next topic was administration of sacraments and sacramentals for the parishioners. It is the right of the parishioners to receive sacraments unless they are impeded canonically. The parish priests (and parochial vicars) are duty bound to administer sacraments to all the parishioners who are not canonically impeded and therefore he is to make himself readily available to administer them.

Next topic was involvement of parish priests in faith formation in parishes. In carrying out the teaching function, the pastors are bound by the obligation to impart catechetical formation that is adapted to the age of each one, so that they may lead the faithful to the full knowledge

of the mystery of salvation (CCEO can. 289§ 1). The president reminded all that the catechetical ministry in parishes is to be given prime importance and the parish priests have to demonstrate genuine interest and make sincere efforts to make it effective. The Pious Associations in the parishes are to be fostered in such a way that they may become effective means of faith formation.

Another topic was care given in priests' homes. Rev. Fr. Mathews Malieckal, the director of priests' homes explained the present arrangements made in priests' homes for the care of old priests. Rev. Fr. Thomas Malekudy, the member who represents the priests who are not in active ministry expressed his opinion that the priests are given utmost care in priests' homes and that in general all are satisfied with the care given to them.

The Council further discussed the viability of giving 10% of the total expenses incurred for parish feasts and other celebrations to the poor and the needy in the parish itself. The suggestion was accepted unanimously by all members.

Next topic was Seminary formation and financial support. The Council observed that the participation of the laity in the formation of future priests is very important and accepted the proposal to sponsor a seminarian or more by well-to-do parishes and find out individual sponsors in parishes. Since the degree students need a special formation, this year onwards they will be sent to parishes, willing and capable to accommodate them.

Next point of discussion was admission and appointments in schools and colleges. Specific directions have been given to all managers regarding the norms to be kept while giving admissions and the president reiterated that any violation of those directions would not be tolerated. The Corporate Education Secretary explained the procedure being followed in the eparchy with regard to the appointments done.

Next, the Council discussed on the motorcade in connection with the transfer of priests. Though people accompany the parish priest to the new parish to demonstrate their love and affection, sometimes it becomes exaggerated and makes much inconvenience to the general public. The suggestion to make it moderate allowing only a representative body to accompany the parish priest who is transferred was accepted by all the members unanimously.

During the concluding message the president mentioned about the computerization of parish documents and encouraged all to work it



out whole heartedly. H.E. further said that an office secretary, even part time, may be appointed at least in big parishes to reduce the burden of parish priests.

V. Rev. Mgr. George Oliapuram thanked all and the meeting came to an end by 1.00 pm.

Secretary

# മൈനർ സെമിനാരി

*MS . 14 /2014* **പ്രാർത്ഥനാശംസകൾ**

റീജൻസിക്ക് ശേഷം അഭിവന്ദ്യ മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്ന് വൈദികവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനം ആരംഭിക്കുന്ന ആക്കപ്പടിക്കൽ പോൾ, കച്ചിറപാറെക്കുടിയിൽ മാർട്ടിൻ, കാഞ്ഞിരക്കൊമ്പിൽ ജോസ്, കുന്നുംപുറത്ത് ജോസഫ്, താണികുന്നേൽ അലക്സ്, വിളയപ്പിള്ളിൽ ആന്റണി എന്നിവർക്കും കാറോയപട്ടം സ്വീകരിച്ചിരിക്കുന്ന കല്ലിടുക്കിൽ സക്കറിയാസ്, കൊന്തേമ്പിള്ളിൽ സെബാസ്റ്റ്യൻ, മുണ്ടയ്ക്കൽ മാത്യു, ഞാലിപ്പറമ്പിൽ ആന്റണി, പാലക്കാട്ട് ജോൺ, പാറയ്ക്കൽ എബ്രാഹം, പാറമേൽ വർഗീസ്, പീച്ചാനിക്കുന്നേൽ ജോർജ്, പുത്തൻകുളത്തിൽ മാത്യു, തുമ്പമറ്റത്തിൽ സെബാസ്റ്റ്യൻ എന്നിവർക്കും, ഹെവ്പ്പദ്യാക്കോന പട്ടം സ്വീകരിച്ചിരിക്കുന്ന ചിരപ്പറമ്പിൽ ജോസ്, കപ്യാരുമലയിൽ ജോസഫ്, മാതാളികുന്നേൽ ജോസഫ്, വടക്കൻ ജോൺ, വിലങ്ങുപാറയിൽ തോമസ്, തൂമുള്ളിൽ മാത്യു, താന്നിക്കൽ ജോസഫ്, മുണ്ടയ്ക്കൽ ഇമ്മാനുവേൽ, കളത്തൂർ പോൾ, കണ്ണമ്പിള്ളി കുര്യക്കോസ്, പോത്തനാമുഴി സെബാസ്റ്റ്യൻ എന്നിവർക്കും മ്ശംശാനപട്ടം സ്വീകരിച്ചിരിക്കുന്ന അവരാപ്പാട്ട് പോൾ, കിഴക്കേടത്ത് മാത്യു, കൊച്ചുപറമ്പിൽ ജോർജ്, കോടമുള്ളിൽ സിറിയക്, കൂനാനിയ്ക്കൽ ജോസഫ്, മലേപ്പറമ്പിൽ ജോർജ്, മാളിയേക്കൽ ആന്റണി, മാറാപ്പിള്ളി വർഗീസ്, നെടുംതടത്തിൽ പൗലോസ്, പുളിക്കൽ ജോസഫ്, റാത്തപ്പിള്ളിൽ ജേക്കബ് എന്നിവർക്കും മാതൃഭവനത്തിന്റെ പ്രാർത്ഥനാശംസകൾ

*MS 15 /2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Unichiyamma Amamthuruthil Mylacombu | ₹ 5000 |
| 2 | Jose Nedungatt, Vazhakulam | ₹ 25000 |
| 3 | CML Alakode | ₹ 2000 |
| 4 | Kunchirakatt Antony & Simily, Thodupuzha East | ₹ 5000 |
| 5 | Puthiaparambil P.J. Joseph, Nirmala Matha Muvattupuzha | ₹ 10000 |
| 6 | Marianikethan, Thodupuzha | ₹ 5000 |
| 7 | Parankimalil George, Nellimattam | ₹ 5000 |
| 8 | CML Cathedral | ₹ 5000 |
| 9 | SH Provincial House | ₹ 15000 |
| 10 | Sr. Bulbeena CMC | ₹ 5000 |
| 11 | Vincent De Paul, Thommankuth | ₹ 1500 |

*Rector*

## വിജ്ഞാനഭവൻ

*V. 40/2014* **HM, Staff Secretary Meeting -ജൂൺ 15 ഞായർ**

ജൂൺ മാസം 15-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ഹെഡ്മാസ്റ്റർമാരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും മീറ്റിംഗ് മൂവാറ്റുപുഴ NESTT-ൽ ഒരുക്കിയിട്ടുണ്ട്. എല്ലാവരും എത്തിച്ചേരേണ്ടതാണ്. അന്നേദിവസം അവർക്കുവേണ്ടി വി. കുർബാന ഉണ്ടായിരിക്കും. ഉച്ചഭക്ഷണം ഒരുക്കിയിട്ടുണ്ട്.

*V. 41/2014* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂലൈ -12 ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂലൈ 12 ശനി വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.



എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

**മികച്ച സൺഡേ സ്കൂളുകൾക്കുള്ള സമ്മാനങ്ങളും അദ്ധ്യാപക ക്വിസിനുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.**

*V.42/2014* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് ജൂൺ 15-ാം തീയതി H.M. & Staff secretary meeting-ന് വരുമ്പോൾ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സ്റ്റേറ്റ്മെന്റിൽ ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കുവാനും ശ്രദ്ധിക്കുമല്ലോ.

*V. 43/2014* **പ്രൈവറ്റ് രജിസ്ട്രേഷൻ**

സൺഡേസ്കൂൾ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തുക. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ സെപ്തംബർ മാസത്തിലും ഫെബ്രുവരി മാസത്തിലും മുവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സിൽ (പാഠ്യപദ്ധതി നോക്കുക) നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർമാർ രജിസ്ട്രേഷന് വരുന്ന കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1 പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.

2 11-ാം ക്ലാസിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്കുലിസ്റ്റിന്റെ കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3 A,B ലിസ്റ്റിൽ ഇവരുടെ പേര് പ്രത്യേകം എഴുതിച്ചേർത്ത് റിമാർക്ക് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

4 പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദ പാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവ ശാലും പരീക്ഷ എഴുതിക്കുവാൻ പാടുള്ളതല്ല.

5 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റായി പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2014 സെപ്തംബർ 13 ശനി

XII - 2014 സെപ്തംബർ 13 ശനി

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

XI - 2015 ഫെബ്രുവരി 15 ശനി

XII - 2015 ഫെബ്രുവരി 15 ശനി

സ്ഥലം : NESTT, Muvattupuzha

സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെ

NB. രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവ രേണ്ടതാണ്.

*V. 44/2014* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണ്. ജൂലൈ 31-ാം തീയ തിക്ക് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയ കരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 45/2014* **Admission register, classwise register, attendance book, Bag etc...**

പുതിയ രജിസ്റ്ററുകൾ ഉപയോഗിച്ച് തുടങ്ങാത്തവർ ഈ അദ്ധ്യയ നവർഷം മുതൽ ഇവ ഉപയോഗിച്ച് തുടങ്ങേണ്ടതാണ്. രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്.

| | | |
|---|---|---|
| Admission register | - | ₹ 150 |
| Classwise register (P. 50) | - | ₹ 60 |
| Classwise register (P. 30) | - | ₹ 50 |
| Classwise register (P. 20) | - | ₹ 40 |
| Certificate book | - | ₹ 10 |
| Attendance book | - | ₹ 5 |
| T.C. Form (book) | - | ₹ 30 |
| Application form | - | ₹ 20 |
| Teachers' Attendance | - | ₹ 40 |
| Sunday School Bag | - | ₹ 30 |



*V. 46/2014* **പുസ്തക വിതരണം**

ഈ അദ്ധ്യയനവർഷത്തിലെ സൺഡേ സ്കൂൾ പുസ്കതങ്ങളു ടെ വിതരണം ആരംഭിച്ചുകഴിഞ്ഞു. റഗുലർ സ്കൂളുകളിലേക്കുള്ള വേദ പാഠം, മോറൽ സയൻസ് പുസ്തകങ്ങളുടെയും വിതരണം ജൂൺ 1 മുതൽ ആരംഭിക്കുന്നതാണ്. ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റി ക്കിസം, സ്കൂൾ കാറ്റിക്കിസം, മോറൽസയൻസ് പുസ്തകങ്ങൾക്ക് ജൂൺ 20 വരെ 3% കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങു മ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കു ന്നു. **പുസ്തകം വാങ്ങാൻ വരുന്നവർ മുൻകൂട്ടി ഫോൺ വിളിച്ച് അറിയിച്ചാൽ തിരക്ക് ഒഴിവാക്കാൻ സാധിക്കും. ഫോൺ. 9495843287**

| Std. | Sunday School Mal. | Sunday School Eng. | Reg. School Cat. | Moral Science |
|---|---|---|---|---|
| I | ₹ 25 | ₹ 35 | ₹ 25 | ₹ 35 |
| II | ₹ 25 | ₹ 35 | ₹ 25 | ₹ 35 |
| III | ₹ 25 | ₹ 35 | ₹ 25 | ₹ 35 |
| IV | ₹ 25 | ₹ 35 | ₹ 25 | ₹ 35 |
| V | ₹ 30 | ₹ 40 | ₹ 25 | ₹ 40 |
| VI | ₹ 30 | ₹ 40 | ₹ 25 | ₹ 40 |
| VII | ₹ 30 | ₹ 40 | ₹ 25 | ₹ 40 |
| VIII | ₹ 30 | ₹ 40 | ₹ 20 | ₹ 40 |
| IX | ₹ 30 | ₹ 40 | ₹ 20 | ₹ 40 |
| X | ₹ 30 | ₹ 40 | ₹ 20 | ₹ 40 |
| XI | ₹ 30 | ₹ 40 | - | ₹ 27 |
| XII | ₹ 30 | ₹ 40 | - | ₹ 27 |

*V. 47/2014* **അദ്ധ്യാപക സഹായി**

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായുള്ള അദ്ധ്യാപക സഹായി വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭ്യമാണ് (Std. 1-10).

*V. 48/2014* **ലോഗോസ് ക്വിസ് 2014**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ജൂൺ 1-ന് ആരംഭിച്ച് ജൂലൈ 31-ന് അവസാനിക്കുന്നു.

**ഈ വർഷവും പങ്കെടുക്കുന്നവരെ ആറ് പ്രായവിഭാഗമായി തിരിച്ചിരിക്കുന്നു.**

A വിഭാഗം -01-01-2003 -ന് ശേഷം ജനിച്ചവർ
B വിഭാഗം -01-01-1998 -നും 31-12-2002-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം -01-01-1983 -നും 31-12-1997-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം -01-01-1963 -നും 31-12-1982-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം -01-01-1950 -നും 31-12-1962-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31-12-1949 -നു മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ നിർബന്ധമായും നിശ്ചിതതീയതിക്കുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാസ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മുൻവർഷത്തേപ്പോലെ ഈ വർഷവും Online - Registration ആണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതുസംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.

**1) ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ 9447828373**
**2) ശ്രീ. ജോസഫ് പന്തപ്ലാക്കൽ 9446110044**

രജിസ്ട്രേഷൻ ഫീസ് 10 രൂപ.
മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

1) ലേവ്യർ 15-27;
2) വി. ലൂക്കാ 13-24;
3) വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

പരീക്ഷാ സമയം രൂപതാതലത്തിൽ **2014 സെപ്റ്റംബർ 28-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30** വരെയാണ്.



**സംസ്ഥാനതല മത്സരം** - 2014 നവംബർ 29-ന് രാവിലെ 10.00 മുതൽ.

**സമ്മാനങ്ങൾ :**

**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധ നാട് തീർത്ഥാടനത്തിന് അവസരം ലഭിക്കുന്നു.**

**അഖിലകേരള തലത്തിൽ** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഒരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 500 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതലപരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-50=400) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 2000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 1500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം.

★ 90-നും-100-നും ഇടയ്ക്കും 80-നും-89-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന എല്ലാ പ്രായവിഭാഗക്കാർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും.

★ 60-നും 69-നും ഇടയ്ക്കും 70-നും 79-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നതാണ്.

★ 70-നും 79-നും ഇടയ്ക്ക് മാർക്കുവാങ്ങുന്ന B, C, D, E, F പ്രായ വിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

★ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്ന കോൺഗ്രിഗേഷന് സമ്മാനം.

★ ഇടവകാംഗങ്ങളുടെ മൊത്തം എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ അഞ്ചാം ക്ലാസ്സ് മുതലുള്ള എല്ലാ സൺഡേ സ്കൂൾ കുട്ടികളും പങ്കെടുക്കുന്ന ഇടവകയ്ക്ക് (ഇവിടെ നല്കുന്ന സ്റ്റേറ്റുമെന്റ് പ്രകാരം) പ്രത്യേകസമ്മാനം.

★ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സൺഡേ സ്കൂൾ അധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക:**

☞ 10 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.

☞ രജിസ്ട്രേഷൻ നടത്തിയവർക്ക് പകരം പരീക്ഷയെഴുതുവാൻ ആർക്കും അനുവാദമില്ല.

☞ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത സൺഡേ സ്കൂൾ കുട്ടികളുണ്ടെങ്കിൽ അവരുടെ attendance register-ൽ അക്കാര്യം നോട്ട് ചെയ്യേണ്ടതാണ്.

☞ പ്രിന്റ് എടുത്ത ലിസ്റ്റിൽ മാറ്റങ്ങൾ വരുത്താൻ പാടില്ല. രണ്ട് ലിസ്റ്റ് വിജ്ഞാനഭവൻ ഓഫീസിൽ ഏൽപിക്കണം.

☞ സൺഡേ സ്കൂൾ അദ്ധ്യാപകരുടെ പേരിന് നേരെ T എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.

☞ സിസ്റ്റേഴ്സിന്റെ പേരിന് നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. (അവസാനത്തെ രണ്ടു നിർദേശങ്ങൾ കൃത്യമായി പാലിക്കാത്തവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.)

For online registeration Visit www.logosquiz.org. / www.keralabiblesociety.com

## *V. 49/2014* Scholarship Exam Winners

2013-2014 വർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. വിജയികളായവർക്ക് അനുമോദനങ്ങൾ നേരുന്നു.

### Std. IV

### രൂപതാ വിജയികൾ

1 റാണി മരിയ ജോസ് വെട്ടുകല്ലുംപുറത്ത്, ആരക്കുഴ



2 റോസ് മരിയ ജോസ് വെട്ടുകല്ലുംപുറത്ത്, ആരക്കുഴ

3 അലീന ജെയിംസ് കുറ്റിയറ, ഞാറക്കാട്

### മേഖല വിജയികൾ

**കോതമംഗലം**

1 ആൻ മരിയ സോജൻ തച്ചിയത്ത്, നെല്ലിമറ്റം

2 റിനി ആന്റോ ഇലഞ്ഞിക്കൽ, കത്തീഡ്രൽ

3 ബെനിഷ്യാ എലിസബത്ത് ബെന്നി ആനിത്തോട്ടത്തിൽ, ഊന്നുകൽ

**മൂവാറ്റുപുഴ**

1 റാണി മരിയ ജോസ് വെട്ടുകല്ലുംപുറത്ത്, ആരക്കുഴ

2 റോസ് മരിയ ജോസ് വെട്ടുകല്ലുംപുറത്ത്, ആരക്കുഴ

3 ഡെന്നീസ് കുര്യൻ ദീപു വലിയമറ്റം, ഈസ്റ്റ് മാറാടി

**വാഴക്കുളം**

1 സയോണ ആൻ ജോഷി കുറവകാട്ട്, കല്ലൂർക്കാട്

2 ഹിമ എലിസബത്ത് റെജി കൊളമ്പേൽ, കദളിക്കാട്

3 ഡിയ ത്രേസ്യ സാബു നമ്പ്യാപറമ്പിൽ, വാഴക്കുളം

**തൊടുപുഴ**

1 ജൂലിയ മാത്യു വാകത്താനത്ത്, ആലക്കോട്

2 അനിറ്റ് അന്ന ബിജു പിച്ചകശ്ശേരിൽ, നെടിയകാട്

3 റോഹൻ ഡാനി പാദുവ, തൊടുപുഴ

**മുതലക്കോടം**

1 ഹൈസൽ ആൻ ജോസഫ് തോട്ടത്തിമ്യാലിൽ, മുതലക്കോടം

2 സാന്ദ്ര അഗസ്റ്റിൻ വാരികാട്ട്, വണ്ടമറ്റം

3 ബേസിൽ ബിജു ചിമ്മിനിക്കാട്ട്, വാഴക്കാല

**കരിമണ്ണൂർ**

1 നിയ സുനിൽ മുണ്ടൻകാവിൽ, തൊമ്മൻകുത്ത്

2 അനീന ജോണി വാതല്ലൂർ, ചിലവ്

3 അന്ന അനീഷ് വാതല്ലൂർ, പള്ളിക്കാമുറി

**പൈങ്ങോട്ടൂർ**

1 അലീന ജെയിംസ് കുറ്റിയറ, ഞാറക്കാട്

2 ആഷ്ന ജോയി പുത്തൻവാട്ടപ്പിള്ളിൽ, പൈങ്ങോട്ടൂർ

3 ജോണ മേരി ജോർജ് തെക്കേക്കര, വണ്ണപ്പുറം

### Std VII

### രൂപതാ വിജയികൾ

1 ലിമറിൻ ജോസ് വെളിയത്ത്, വാഴക്കുളം

2 ആഗ്ന എൽസ ജിമ്മി നെടുമ്പുറത്ത്, കുറുപ്പംപടി

3 ബിമൽ ബെന്നി നെടുമ്പുറത്ത്, അരിക്കുഴ

## മേഖല വിജയികൾ

**കോതമംഗലം**

1 അഗ്ന എൽസ ജിമ്മി നെടുമ്പുറത്ത്, കുറുപ്പംപടി
2 ആൻ മരിയ ആന്റോച്ചൻ ഏണിയേക്കാട്ട്, മാലിപ്പാറ
3 അമല ഫ്രാൻസിസ് കാടപ്പറമ്പിൽ, നെല്ലിമറ്റം

**മൂവാറ്റുപുഴ**

1 അഞ്ജലി ബൈജു കാഞ്ഞിരത്തിങ്കൽ, ആരക്കുഴ
2 എയ്ഞ്ചൽ നിക്സൻ തോട്ടുങ്കൽ, മുവാറ്റുപുഴ
3 അനുഷ ബേബി കീരാംതടത്തിൽ, ആരക്കുഴ

**വാഴക്കുളം**

1 ലിമറിൻ ജോസ് വെളിയത്ത്, വാഴക്കുളം
